ശ്രീ എ. ജെ. ജാൻ: അതിനും ഒരു പുതിയബില്ല് നിയമസഭയിൽ പാസാക്കിയാലേ ഒക്കുകയുള്ളൂ.

പോലീസുദ്യോഗസ്ഥന്മാരെ സംബന്ധിച്ച സർക്കുലർ

*൩൪൯ (൧൨) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) പോലീസുദ്യോഗസ്ഥന്മാരേയും പോലീസുകാരെയും അവരുടെ വീടിനും താമസിടിനും ഫ 8 മൈൽ ദൂരെയല്ലാതെ നിയമിക്കാൻ പാടില്ലെന്നു ഒരു സർക്കുലർ ഉള്ളതായി അറിയാമോ;

(ബി) ഇതു ശരിയായി പാലിക്കപ്പെട്ടുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണമെന്തു?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) അറിയാം.

(ബി) കഴിയുന്നത്ര പാലിക്കപ്പെട്ടുന്നുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എ. വി. ജോസഫ്: കഴിയുന്നത്ര പാലിക്കുന്നുണ്ടെന്നു പറഞ്ഞാൽ ചിലപ്പോൾ പാലിക്കുന്നില്ലെന്നും അർത്ഥമില്ലേ? എല്ലായ്പ്പോഴും എന്തുകൊണ്ടാണ് അതു കൃത്യമായി പാലിക്കാതിരിക്കുന്നതു?

ശ്രീ. ടി. കെ. നാരായണപിള്ള: അസാധാരണ പരിതസ്ഥിതികളിൽ ചിലപ്പോൾ പാലിക്കാൻ നിവൃത്തിയില്ലാതെവരാനും ഇടയുണ്ട്.

ശ്രീ. എ. വി. ജോസഫ്: അതു കൃത്യമായി പാലിക്കാൻ ഗവൺമെണ്ട് ആലോചനയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതുതന്നെയാണ് ഗവൺമെണ്ടിന്റെ നയം.

ശ്രീ. കെ. ആർ. ഇലഞ്ഞി: ഈ റൂൾ അതു കൃത്യമായി പാലിക്കണമെങ്കിൽ റിക്രൂട്ടുമെന്റതന്നെ പ്രദേശങ്ങളെ അടിസ്ഥാനപ്പെടുത്തി വേണ്ടിവരുമെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതേപ്പറ്റി ആലോചിച്ചിട്ടില്ല.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ഈ റൂൾ ഭേദപ്പെടുത്തണമെന്നു് അഭിപ്രായമുള്ളതായി അറിയാമോ?

ശ്രീ ടി. കെ. നാരായണപിള്ള: അറിയാൻപാടില്ല.

നിറുത്തുന്ന ആഴ്ചപത്രികകൾ

*൩൫൦. (൧൧) ശ്രീ. എ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇന്നു സംസ്ഥാനത്തുള്ള ഏതെങ്കിലും ഡിസ്ട്രിക്ടാഴ്ചപത്രികകൾ നിറുത്തലാക്കാൻ ആലോചനയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏവ;

(സി) അല്ലെങ്കിൽ ഡിസ്ട്രിക്ട് ആഴ്ചപത്രി വിപുലീകരിക്കാൻ ആലോചനയുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly